# നീര ഇന്നു വിപണിയിൽ

തിരുവനന്തപുരം● കേരള കാർഷിക സർവകലാശാലയുടെ നീര ഉൽപന്നം ഇന്നു വിപണിയിലിറക്കുന്നു. സർവകലാശാലാ ഫാമുകളിലെ തെങ്ങുകളിൽ നിന്നു ശേഖരിക്കുന്ന മധുരക്കള്ള് പുളിക്കാതെ പെറ്റ് ബോട്ടിലുകളിൽ പായ്ക്ക് ചെയ്താണു കേരാമൃതം എന്ന പേരിൽ പുറത്തിറക്കുന്നത്. സംസ്ഥാനതല ഉദ്ഘാടനം ഇന്നു രണ്ടിനു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കനകക്കുന്നിൽ നിർവഹിക്കും. തിരുവനന്തപുരം, തൃശൂർ, പീലിക്കോട് കേന്ദ്രങ്ങളിൽ നിന്നു നീര ഉൽപാദനം തുടങ്ങാനാണു പരിപാടി.

പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പല സ്ഥാപനങ്ങളും നീര ഉൽപാദനത്തിനു തയാറെടുക്കുന്നുണ്ട്. കാർഷിക സർവകലാശാല വികസിപ്പിച്ച സാങ്കേതികവിദ്യയാണ് എല്ലാവരും ആശ്രയിക്കുന്നത്. ആദ്യഘട്ടത്തിൽ സർവകലാശാലാ ഫാമുകളിലെ തെങ്ങുകൾ മാത്രമാകും ഉപയോഗിക്കുക. രണ്ടാം ഘട്ടത്തിൽ സ്വകാര്യ തോട്ടങ്ങളിലും ചെത്തും.